# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 18-6-2025**

### പ്രധാനവാർത്തകൾ

RNU TVPM

1. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ക്രൊയേഷ്യയിലെത്തും.

2. നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെപ്പ് നാളെ; നിശബ്ദ പ്രചാരണം സജീവമാക്കി മുന്നണികൾ.

3. പുതിയ കാലം മുന്നോട്ട് വയ്ക്കുന്ന വെല്ലുവിളികളെ അതിജീവിക്കാൻ കുട്ടികളെ, പ്രാപ്തരാക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ലക്ഷ്യമെന്ന് മന്ത്രി വി.ശിവൻകുട്ടി.

4. ഇറാൻ- ഇസ്രായേൽ സംഘർഷം രൂക്ഷം; ഇറാനിലെ ആണവായുധ സംവിധാനങ്ങൾക്ക് നേരെ ആക്രമണം നടന്നതായി അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി സ്ഥിരീകരിച്ചു.

5. കുട്ടികൾക്കിടയിലെ മാനസിക സംഘർഷങ്ങൾ, ലഹരി ഉപയോഗം എന്നിവയ്ക്കെതിരെ ബോധവത്കരണം ലക്ഷ്യമിട്ട് സംസ്ഥാന ബാലാവകാശ കമ്മിഷൻ ആരംഭിക്കുന്ന "റേഡിയോ നെല്ലിക്ക' ക്ക് തുടക്കമായി.

6. കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീരാട്ടം ഇന്ന് രാത്രി ആരംഭിക്കും.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - ക്രൊയേഷ്യ

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉച്ചയക്ക് ക്രൊയേഷ്യയിലെത്തും. ക്രൊയേഷ്യ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് ശ്രീ മോദി. ക്രൊയേഷൻ പ്രധാനമന്ത്രി ഓന്ദ്രേ പ്ലാങ്കേവിച്ചുമായി ശ്രീ മോദി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ശാസ്ത്ര സാങ്കേതിക വിദ്യ, കൃഷി, സംസ്കാരം, വിദ്യാഭ്യാസം എന്നീ മേഖലകളകളുമായി ബന്ധപ്പെട്ട് നാല് കരാറുകളിൽ ഒപ്പുവയ്ച്ചേക്കും. ക്രൊയേഷ്യൻ പ്രസിഡൻറുമായും അദ്ദേഹം ഇന്ന് ചർച്ച നടത്തും.

&&&&&&&&&&&&&&&&&&

PNUTVPM

## *നിലമ്പൂർ -ഉപതിരഞ്ഞെടുപ്പ് (ഇൻട്രോ)*

*നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിന് ഒരു ദിവസം മാത്രം ബാക്കി നിൽക്കെ മണ്ഡലത്തിൽ ഇന്ന് നിശബ്ദ പ്രചാരണം. നാളെയാണ് വോട്ടെടുപ്പ്. 23 നാണ് വോട്ടെണ്ണൽ. വോട്ടെടുപ്പിനായുള്ള എല്ലാ തയ്യാറെടുപ്പുകളും അവസാന ഘട്ടത്തിലാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.*

*വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.....*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## പ്ലസ് വൺ ക്ലാസുകൾ

സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ ഇന്ന് ആരംഭിച്ചു. പ്രവേശനോത്സവം രാവിലെ മന്ത്രി

വി ശിവൻകുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യു. പുതിയ കാലം മുന്നോട്ട് വയ്ക്കുന്ന വെല്ലുവിളികളെ അതിജീവിക്കാൻ കുട്ടികളെ, പ്രാപ്തരാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന **"കൂടെയുണ്ട് കരുത്തേകാൻ"** എന്ന പദ്ധതിയുടെ ഉദ്ഘാടനവും തിരുവനന്തപുരം മോഡൽ എച്ച്.എസ്.എസിൽ നടന്ന ചടങ്ങിൽ വിദ്യഭ്യാസ മന്ത്രി നിർവഹിച്ചു. പുതിയ വെല്ലുവിളികളെ ധൈര്യപൂർവം നേരിടാനും ആരോഗ്യകരമായ കൗമാരം കെട്ടിപ്പടുക്കാനും അവരെ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്ന് ശ്രീ.ശിവൻകുട്ടി പറഞ്ഞു. സപ്ലിമെൻററി അലോട്ട്മെൻറിനുള്ള സീറ്റൊഴിവ് ഈ മാസം 28 ന് പ്രസിദ്ധീകരിക്കും. 23 മുതൽ 27 വരെ സേ പരീക്ഷ നടക്കും.

&&&&&&&&&&&&&&&&&&

## കോഴിക്കോട് -പ്രതിഷേധ സമരം

പ്ലസ് വൺ പ്രവേശനത്തിലെ സീറ്റുകളിലെ അപര്യാപ്തത പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് KSUവിൻറെ നേത്യത്വത്തിൽ ഹയർ സെക്കൻഡറി കോഴിക്കോട് മേഖല ഓഫീസിലേക്ക് പ്രതിഷേധ സമരം നടത്തി. സമരക്കാരെ പിന്നീട് പോലീസ് നീക്കം ചെയ്യു.

RNU TVPM

&&&&&&&&&&&&&&&&&&

## ലക്ഷദ്വീപ് -പ്രവേശനോത്സവം.

പുതിയ അധ്യയന വർഷത്തിന് ആരംഭം കുറിച്ച് കൊണ്ട് ലക്ഷദ്വീപിലെ എല്ലാ സ്കൂളുകളിലും വിപുലമായ പ്രവേശനോത്സവം സംഘടിപ്പിച്ചു. കവരത്തി ദ്വീപിൽ നടന്ന വർണശബളമായ പ്രവേശനോത്സവ പരിപാടികൾ അഡ്മിനിസ്ട്രേറ്റർ പ്രഫൂൽ പട്ടേൽ ഉദ്ഘാടനം ചെയ്യു.

&&&&&&&&&&&&&&&&&&

## നരേന്ദ്രമോദി - ട്രംപ്

പാകിസ്ഥാനുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്ത്യ ഒരിക്കലും മധ്യസ്ഥതയ്ക്ക് മൂന്നാമതൊരു കക്ഷിയുടെ സഹായം സ്വീകരിച്ചിട്ടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് പ്രധാനമന്ത്രി ഇത് വ്യക്തമാക്കിയത്. ഓപ്പറേഷൻ സിന്ദൂർ, ഇന്ത്യ-അമേരിക്ക വ്യാപാര കരാർ തുടങ്ങിയവയും ഇരുവരും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

## <u>ആക്സിയം -4</u>

ബഹിരാകാശ യാത്രികൻ ശുഭാൻഷു ശുക്ല ഉൾപ്പെട്ട സംഘത്തിന്റെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള ദൗത്യം ആക്സിയം -4 ഈ മാസം 22 ലേക്ക് മാറ്റിവച്ചു. ആക്സിയം സ്പേസ് ആണ് ഇക്കാര്യം അറിയിച്ചത്. അടുത്തിടെ നടന്ന അറ്റകുറ്റ പണിക്ക് ശേഷം ഓർബിറ്റൽ ലാബിലെ പ്രവർത്തനങ്ങൾ നാസയ്ക്ക് വിലയിരുത്തുന്നതിനായാണ് വിക്ഷേപണ തിയതി വീണ്ടും മാറ്റിയത്.

RNU TVPM

&&&&&&&&&&&&&&&&&&

## <u>വയനാട് (ഇൻട്രോ)</u>

<u>*ഗോത്രവർഗ മേഖലയിലെ സുസ്ഥിര വികസനത്തിന് ധർത്തി ആബ ജൻജാതിയ ഗ്രാമ ഉത്ക്കർഷ് അഭിയാൻ പദ്ധതി നടപ്പാക്കുന്നു. കേന്ദ്രസർക്കാർ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി അരിവാൾ രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ കോഴിക്കോട് മെഡിക്കൽ കോളേജിൽ സൗകര്യമൊരുക്കും.*</u>

<u>*വിശദാംശങ്ങളുമായി വയനാട് നിന്നും ആകാശവാണി പ്രതിനിധി അരുൺ വിൻസെന്റ്.....*</u>

<u>*(വോയിസ്)*</u>

&&&&&&&&&&&&&&&&&&

## <u>കണ്ണൂർ -തെരുനായ ആക്രമണം</u>

കണ്ണൂർ നഗരത്തിലും പരിസരങ്ങളിലും ഇന്നും തെരുവ് നായകളുടെ ആക്രമണം. കടിയേറ്റ 20 ഓളം പേർ രാവിലെ ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തി. ഇന്നലെ 50 ഓളം പേർക്ക് തെരുവ് നായകളുടെ കടിയേറ്റിരുന്നു. അതേസമയം, കണ്ണൂരിൽ ഭീതി പരത്തിയ തെരുവുനായകളെ പിടികൂടുന്നതിന് ശ്രമം ശക്തമാക്കി. പരിശീലനം നേടിയ വിദഗ്ധരുടെ സഹായത്തോടെയാണ് തെരുവ് നായകളെ പിടികൂടുന്നത്. പിടികൂടുന്ന തെരുവ് നായകളെ പടിയൂരിലെ എബിസി കേന്ദ്രത്തിൽ എത്തിക്കും

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## ഇറാൻ - ഇസ്രായേൽ

ഇറാൻ- ഇസ്രായേൽ സംഘർഷം രൂക്ഷമായി തുടരുന്നു. ഇറാനിലെ ആണവായുധ സംവിധാനങ്ങൾക്ക് നേരെ ആക്രമണം നടന്നതായി അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി സ്ഥിരീകരിച്ചു. അതേസമയം ടെൽ അവീവിലെ ഒരു പ്രധാന ഇൻറലിജൻസ് കേന്ദ്രത്തിൽ ആക്രമണം നടത്തിയതായി ഇറാൻ അവകാശപ്പെട്ടു. ജനവാസ മേഖലയിലും സൈനിക കേന്ദ്രങ്ങളിലും ആക്രമണം നടന്നതായി ഇസ്രായേൽ വൃത്തങ്ങൾ സ്ഥിരീകരിച്ചു. ഇറാനിൽ ഇസ്രായേൽ നടത്തിയ ആക്രമണങ്ങളിൽ 70 സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 220 പേർ കൊല്ലപ്പെട്ടതായി ഇറാനിയൻ ഉദ്യോഗസ്ഥർ അറിയിച്ചു. ഇസ്രായേലിനെതിരായ ഇറാനിയൻ ആക്രമണങ്ങളിൽ 20-ലധികം പേർ കൊല്ലപ്പെട്ടു.

&&&&&&&&&&&&&&&&&&

## റേഡിയോ നെല്ലിക്ക

RNU TVPM

സംസ്ഥാന ബാലാവകാശ കമ്മിഷൻ കുട്ടികൾക്കായി ആരംഭിക്കുന്ന **"റേഡിയോ നെല്ലിക്ക' ക്ക്** തുടക്കമായി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ റേഡിയോ നെല്ലിക്ക ഉദ്ഘാടനം ചെയ്തു.

കുട്ടികൾക്കിടയിലെ മാനസിക സംഘർഷങ്ങൾ, ലഹരി, സൈബർ ഇടങ്ങളിലെ ചതിക്കുഴികൾ, ആത്മഹത്യ, സോഷ്യൽ മീഡിയ അഡിക്ഷൻ എന്നിവയ്ക്കെതിരെ ബോധവത്കരണം നടത്താനാണ് റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നത്. തുടക്കത്തിൽ തിങ്കൾ മുതൽ വെള്ളി വരെ നാലുമണിക്കൂറാണ് പരിപാടികൾ.

&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

***കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീരാട്ടം ഇന്ന് രാത്രി ആരംഭിക്കും. നാല് ആരാധനകളിൽ രണ്ടാമത്തേതായ അഷ്ടമി ആരാധനയും ഇന്നാണ്.***

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.***

RNU TVPM

## *(വോയിസ്)*

&&&&&&&&&&&&&&&&&&

## ആശ സമരയാത്ര

ആശാ പ്രവർത്തകരുടെ രാപകൽ സമരയാത്രയുടെ സമാപന റാലി തിരുവനന്തപുരത്ത് ആരംഭിച്ചു. സെക്രട്ടേറിയറ്റിലേക്കാണ് റാലി നടത്തുന്നത്. മേയ് അഞ്ചിന് കാസർഗോഡ് നിന്ന് ആരംഭിച്ച യാത്ര എല്ലാ ജില്ലകളിലൂടെയും കടന്നാണ് തിരുവനന്തപുരത്ത് എത്തുന്നത്. അതേസമയം സെക്രട്ടേറിയറ്റിനു മുന്നിലെ രാപകൽ സമരം ഇന്ന് 127 ദിവസം പൂർത്തിയാക്കും.

&&&&&&&&&&&&&&&&&&

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് നാളെ വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## അഹമ്മദാബാദ് -വിമാനപകടം

അഹമദാബാദ് വിമാനപകടത്തിൽ ഡി.എൻ.എ പരിശോധനയിലൂടെ ഇതുവരെ 177 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. ഗുജറാത്ത് ആഭ്യന്തര സഹമന്ത്രി സമൂഹ മാധ്യമത്തിൽ അറിയിച്ചതാണ് ഇക്കാര്യം. 24 മൃതദേഹങ്ങൾ ഇന്ന് ബന്ധുക്കൾക്ക് കൈമാറുമെന്ന് അഹമ്മദാബാദ് സിവിൽ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ.രാകേഷ് ജോഷി മാധ്യമങ്ങളെ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## മഹാത്മാ അയ്യങ്കാളി

നവോഥാന നായകൻ മഹാത്മാ അയ്യങ്കാളിയുടെ 74 മത് ചരമവാർഷിക ദിനം ഇന്ന് സംസ്ഥാനത്ത് സമുചിതമായി ആചരിച്ചു. അടിച്ചമർത്തലുകൾക്കും, അവകാശനിഷേധങ്ങൾക്കുമെതിരെ നിരന്തര പോരാട്ടങ്ങൾ നയിച്ച അയ്യങ്കാളി, അധസ്ഥിതവർഗത്തിന്റെ ഉന്നമനത്തിന്

വേണ്ടി നയിച്ച പോരാട്ടങ്ങൾ ചരിത്ര സാക്ഷ്യങ്ങളാണ്.

&&&&&&&&&&&&&&&&&&

## പി രാജീവ് -സിയാൽ

ഫയർഫൈറ്റിങ്ങ് റോബോട്ടും ബൂംലിഫ്റ്റുമുൾപ്പെടെ കൂടുതൽ അത്യാധുനിക സുരക്ഷാ ഉപകരണങ്ങൾ സജ്ജമാക്കി സിയാൽ. പുതിയ ഉപകരണങ്ങളുടെ സ്വിച്ച് ഓൺ കർമ്മം സിയാൽ സെൻട്രൽ ബ്ലോക്കിൽ വച്ചു സംഘടിപ്പിച്ച ചടങ്ങിൽ മന്ത്രി പി.രാജീവ് നിർവഹിച്ചു. സിയാലിൽ സമീപകാലത്ത് മാത്രം പത്ത് മെഗാ പദ്ധതികളും 170 ഓളം ചെറു പദ്ധതികളും നടപ്പിലാക്കിയതായി മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

RNU TVPM